

തൃക്കാക്കര ഭാരതമാത കോളജിൽ രാജ്യാന്തര ഗണിത ശാസ്ത്ര സെമിനാറിന്റെ സമാപന സമ്മേളനം ഫ്രാൻസിലെ സൊബോൺ സർവകലാശാലയിലെ എമിരിറ്റസ് പ്രഫ.മിഷേൽ വാൾഷ്മിറ്റ് ഉദ്ഘാടനം ചെയ്യുന്നു.

# ഗണിതശാസ്ത്ര സെമിനാർ സമാപനം

**കാക്കനാട്●** തൃക്കാക്കര ഭാരതമാത കോളജ് ഗണിതശാസ്ത്ര വിഭാഗം 'വേരിയന്റ്സ് ഓഫ് ഗ്രാഫ് ഡോമിനേഷൻ' എന്ന വിഷയത്തിൽ സംഘടിപ്പിച്ച രാജ്യാന്തര സെമിനാർ സമാപിച്ചു.

പ്രഫ.ലെസ്‌ലി ഹോഗ്ബെൻ, പ്രഫ.ഗ്ലെൻ ഹൾബർട്, പ്രഫ. പോൾ ഡോർബെക് തുടങ്ങിയവർ ഉൾപ്പെടെ വിവിധ സർവകലാശാലകളിലെ അധ്യാപകരും വിദ്യാർഥികളും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഫ്രാൻസിലെ സൊബോൺ സർവകലാശാലയിലെ എമിരിറ്റസ് പ്രഫ.മിഷേൽ വാൾഷ്മിറ്റ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ഭാരതമാത കോളജ് മാനേജർ ഫാ.ഡോ.എബ്രഹാം ഒലിയപ്പുറത്ത് അധ്യക്ഷത വഹിച്ചു. ഡോ.സീതു വർഗീസ്, പ്രഫ.അമ്പാട്ട് വിജയകുമാർ, ഫാ.ജിമ്മിച്ചൻ കർത്താനം തുടങ്ങിയവർ പ്രസംഗിച്ചു. സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയൺമെന്റിന്റെ സഹകരണത്തോടെയായിരുന്നു സെമിനാർ.